**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3119

21.08.2017 - ൽ മറുപടിക്ക്.

## കുടുംബശ്രീ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.യു.ആർ.പ്രദീപ് | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) മൈക്രോ സംരംഭക മേഖലയിൽ കുടുംബശ്രീയുടെ പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ശക്തിപ്പെടുത്തുന്നതിനും സ്ഥായിയായ വികസനം ലക്ഷ്യമിട്ടു കൊണ്ടും ജീവനം എന്ന പേരിൽ ഉപജീവന കാമ്പയ്ൻ, ഓരോ സി.ഡി.എസിലും ഒരു വ്യക്തിഗത ഗ്രൂപ്പ് സംരംഭം എന്ന നിലയിൽ പുതിയതായി 3000 സംരംഭങ്ങൾ ആരംഭിക്കുന്നതിനും കൂടാതെ 140 നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനും ബ്ലോക്ക് ജില്ലാതലത്തിൽ അവബോധ ശില്പശാലകൾ സംഘടിപ്പിച്ച് സംരംഭകത്വ വികസന പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റെയിൽവേ സ്റ്റേഷനുകളിലെ പാർക്കിംഗ്, എ.സി. വെയിറ്റിംഗ് ഹാൾ മാനേജ്മെന്റ്, ഗ്രീൻബൈറ്റ്സ്, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ, ഹോളോ ബ്രിക്സ് യൂണിറ്റുകൾ, കൺസ്ട്രക്ഷൻ യൂണിറ്റുകൾ, കയർ യൂണിറ്റുകൾ, ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പെട്രോൾ പമ്പുകളിലെ ടോയ്‌ലെറ്റ് മാനേജ്മെന്റ് എന്നിവ കുടുംബശ്രീ നൂതനമായി ഏറ്റെടുത്ത് നടപ്പിലാക്കുന്നു. |
| (ബി) കെട്ടിട നിർമ്മാണ മേഖലയിൽ കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകാമോ; | (ബി) ഉണ്ട്; കുടുംബശ്രീ വനിതകളെ നിർമ്മാണ മേഖലയിൽ സ്വയംപ്രാപ്തരാക്കുന്നതിനായി ജില്ലാടിസ്ഥാനത്തിൽ യോഗ്യരായ വനിതകളെ കണ്ടെത്തി, സർക്കാർ അംഗീകൃത ഏജൻസികൾ (നിർമ്മിതി, കോസ്റ്റ്ഫോർഡ്, ഗ്രാമീണ പഠനകേന്ദ്രം) മുഖാന്തിരം പരിശീലനം നൽകി വരുന്നു.<br><br>ജില്ലാടിസ്ഥാനത്തിൽ 506 വനിതകൾക്ക് നിർമ്മാണ മേഖലയിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇതുവഴി ആകെ 61 നിർമ്മാണ യൂണിറ്റുകൾ ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുണ്ട്.<br><br>പഞ്ചായത്ത് തലത്തിലുള്ള നിർമ്മാണ മേഖലകളിൽ ഇവരെ ഉൾപ്പെടുത്തി നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. റോഡ് നിർമ്മാണം, ഷെഡ്ഡുകൾ, കിണർ റീചാർജ്ജിംഗ്, ഭിത്തികെട്ട് |

തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

എറണാകുളത്ത് ഇടക്കാട്ട് വയൽ പഞ്ചായത്തിൽ ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ കുടുംബശ്രീ അംഗങ്ങൾ നടത്തി വരുന്നു. നിലവിൽ 87 വീടുകൾ നിർമ്മിക്കുന്നതിന് ഇവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 33 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) കുടുംബശ്രീ തയ്യൽ യൂണിറ്റുകൾക്ക് സർക്കാർ വകുപ്പുകളിൽ നിന്ന് ഓർഡർ ലഭിക്കുന്നതിനായി പ്രത്യേക ഉത്തരവുകളോ ഇളവുകളോ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

(സി) ഉണ്ട്; കുടുംബശ്രീ തയ്യൽ യൂണിറ്റുകളെ ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കിക്കൊണ്ട് 04/02/2017 ലെ സ.ഉ.(സാധാ) നം. 07/2017/എസ്.പി.ഡി നമ്പർ സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവു പ്രകാരം കുടുംബശ്രീയുടെ കീഴിലുള്ള വിവിധ അപ്പാരൽ ചെറുകിട യൂണിറ്റുകൾക്ക് സർക്കാർ വകുപ്പുകളിൽ നിന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നും തയ്യൽ സംബന്ധമായ വർക്കുകൾ ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് ലഭ്യമാക്കുന്നതിന് സ്റ്റോർസ് പർച്ചേസ് വ്യവസ്ഥകളിൽ ഇളവ് വരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ